# Malayala Manorama

# 1 August 2018

# Palakkad: Water level Increase in periyar



## പെരിയാറിലെ വെള്ളപ്പൊക്കം: നീരാർ ചാലക്കുടിപ്പുഴയ്ക്ക്

പാലക്കാട് ● ഇടുക്കി അണക്കെട്ടു തുറന്നാൽ പെരിയാർ തീരത്തു വെള്ളപ്പൊക്ക സാധ്യതയുള്ളതിനാൽ പറമ്പിക്കുളം-ആളിയാർ പദ്ധതിയിലെ നീരാർ മേഖലയിൽ നിന്നുള്ള വെള്ളം ചാലക്കുടിപ്പുഴയിലേക്കു തിരിച്ചുവിട്ടു.

അപ്പർ നീരാർ വിയർ, ലോവർ നീരാർ ഡാം എന്നിവിടങ്ങളിൽ നിന്നുള്ള വെള്ളം ഇടമലയാർ വഴി പെരിയാറിലേക്കു പോകുന്നതിനു പകരം ചാലക്കുടിപ്പുഴയിലേക്കാണ് ഒഴുക്കുന്നത്. ചാലക്കുടിപ്പുഴയിൽ ജലനിരപ്പു ക്രമാതീതമായി ഉയർന്നതോടെ വെള്ളം വീണ്ടും ഇടമലയാറിലേക്കു തിരിച്ചുവിടാൻ ആലോചിച്ചെങ്കിലും ഇടുക്കി അണക്കെട്ട് തുറന്നാൽ ഉണ്ടായേക്കാവുന്ന ദുരന്തസാധ്യതകൾ മുന്നിൽ കണ്ടു വേണ്ടെന്നു വച്ചു.

പെരിയാറിന്റെ പ്രധാന കൈവഴികളിലൊന്നാണു നീരാർ. ഇവിടെ നിന്നു തമിഴ്നാട് ഷോളയാർ, കേരള ഷോളയാർ അണക്കെട്ടുകൾ വഴി ജലം പെരിങ്ങൽക്കുത്തിലേക്കു വിട്ട് അവിടെ നിന്നാണു ചാലക്കുടിപ്പുഴയിലേക്ക് ഒഴുക്കുന്നത്.